## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.336 — 25.04.2017 ൽ മറുപടിയ്ക്ക്

### സപ്ലൈകോ വഴി വിതരണം ചെയ്യുന്ന അരിയുടെ സബ്സിഡി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആന്ധ്രയിൽ നിന്നുള്ള അരി ലഭ്യതയിൽ കുറവുവന്ന സാഹചര്യമെന്താണ്; ഇതിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്: | (എ) | ജയ അരിയുടെ ഉത്പാദന കേന്ദ്രമായ ആന്ധ്രയിൽ വരൾച്ച മൂലം ഉണ്ടായ വിള നഷ്ടം ഉത്പാദനത്തിൽ വൻ കുറവുണ്ടാക്കുകയും ആയത് കേരളത്തിലേയ്ക്കുള്ള അരി ലഭ്യത കുറയാൻ ഇടയാക്കുകയും തന്മൂലം ലഭ്യമായ അരിയുടെ വില വളരെ ഉയരുകയും ചെയ്തു. ഇത് തരണം ചെയ്യുന്നതിനായി ജയ അരി (ആന്ധ്രയിൽ നിന്നല്ലാത്തത്) ജനുവരി മുതൽ ഇ-ടെണ്ടർ വഴി വാങ്ങിയതോടെ വിൽപ്പനശാലകളിൽ അരി ലഭ്യത വർദ്ധിച്ചു. |
| (ബി) | സപ്ലൈകോ വഴി വിതരണം ചെയ്യുന്ന അരിക്ക് സബ്സിഡി ഒഴിവാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | സപ്ലൈകോ വഴി പച്ചരി, മട്ട, ജയ, കുറവ ഇനം അരിക്കുപുറമേ ആന്ധ്ര ഇതര ജയ, എഫ്.സി.ഐ. (ഒ.എം.എസ്.എസ്) പച്ചരി, പുഴുക്കലരി എന്നിവയാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ള സബ്സിഡി വിലയിൽ വിതരണം നടത്തിവരുന്നത്. ഇവയുടെ സബ്സിഡി ഒഴിവാക്കിയിട്ടില്ല. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, സപ്ലൈകോ വഴി ഗുണനിലവാരമുള്ള അരി സബ്സിഡി നിരക്കിൽ ലഭിക്കാത്ത സ്ഥിതിവിശേഷമുണ്ടായതിന് കാരണമെന്താണെന്ന് അറിയിക്കാമോ? | (സി) | സപ്ലൈകോ വഴി സബ്സിഡി നിരക്കിൽ ഗുണനിലവാരം ഉറപ്പാക്കിയ അരി മാത്രമാണ് വിതരണം നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ